(ഇ) ഇത്തരം സംഭവങ്ങൾ മേലിൽ ആവർത്തിക്കാതിരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ?

ഉത്തരം

(എ & ബി) വയനാട്ടിലെ സുൽത്താൻ ബത്തേരി യൂണിറ്റിലെ കെ.എസ്. ആർ.ടി. ഇ. എ (സി.ഐ.ടി.യു) യൂണിയന്റെ നേതൃത്വത്തിൽ 2010 മേയ് 31-ാം തീയതി ബത്തേരി ഡിപ്പോ പരിസരത്ത് നടത്തിയ വിശദീകരണയോഗത്തിൽ പങ്കെടുക്കുന്നതിനുവേണ്ടി അമ്പതോളം ജീവനക്കാർ മുൻകൂട്ടി ലീവിന് അപേക്ഷിച്ചിരുന്നു. ഇത്രയധികം ജീവനക്കാർ ഒന്നിച്ച് ലീവ് എടുക്കുന്നത് സർവ്വീസ് നടത്തിപ്പിനെ ബാധിക്കുമെന്ന് ഡിപ്പോ അധികാരികൾ ബോദ്ധ്യപ്പെടുത്തിയതിനെത്തുടർന്ന് സംഘടന തന്നെ ഇടപെട്ട് ലീവിന് അപേക്ഷിച്ചിരുന്നവരിൽ കുറെ ജീവനക്കാരെ ഡ്യൂട്ടിക്ക് നിയോഗിച്ചിരുന്നതാണ്. എന്നിട്ടും ഡ്രൈവർമാരുടെ കുറവ് ഉണ്ടായിരുന്നതിനാൽ പൂർണ്ണമായി അഞ്ച് (5) ഷെഡ്യൂളുകളും, മറ്റ് ഷെഡ്യൂളുകളുടെ ചില ട്രിപ്പുകളും റദ്ദ് ചെയ്യേണ്ടതായി വന്നിട്ടുണ്ട്. കോർപ്പറേഷന് കൂടുതൽ നഷ്ടം വരാത്ത തരത്തിൽ വരുമാനംകുറച്ച് ലഭിക്കുന്ന സർവ്വീസുകളാണ് റദ്ദ് ചെയ്തത്. മേൽ സൂചിപ്പിച്ച നടപടികൾ സ്വീകരിച്ചതുമൂലം പൊതുജനങ്ങൾക്ക് കാര്യമായ യാത്രാക്ലേശം അനുഭവപ്പെടുകയുണ്ടായിട്ടില്ല.

(സി) പ്രസ്തുത ട്രിപ്പ് റദ്ദാക്കിയതുമൂലം 30,941 രൂപ നഷ്ടം വന്നിട്ടുണ്ട്.

(ഡി) ടി സംഭവത്തെക്കുറിച്ച് കെ.എസ്.ആർ.ടി.സി. വിജിലൻസ് വിഭാഗവും കോഴിക്കോട് സോണൽ ഓഫീസറും വെവ്വേറെ അന്വേഷണം നടത്തി റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്. രണ്ടു റിപ്പോർട്ടുകളിലും മുൻകൂർ അവധി അപേക്ഷ നൽകിയിട്ടാണ് ജീവനക്കാർ ഹാജരാകാതിരുന്നിട്ടുള്ളതെന്നും, അവധിയിലല്ലാത്ത ജീവനക്കാരെ പ്രത്യേകിച്ച് ഡ്രൈവർമാരെ ഫലപ്രദമായി വിനിയോഗിച്ച് മുഴുവൻ സർവ്വീസുകളും ഓടിക്കുന്നതിൽ വെഹിക്കിൾ സൂപ്പർവൈസർമാർ വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ലെന്നുമാണ് സൂചിപ്പിച്ചിട്ടുള്ളത്. സർവ്വീസ് റദ്ദാക്കൽ ഒഴിവാക്കാനുള്ള നടപടികളും ഏകോപിപ്പിക്കുന്നതിൽ യൂണിറ്റ് ആഫീസറും പരാജയപ്പെട്ടതായും സൂചനയുണ്ട്.

(ഇ) ഇത്തരം സംഭവങ്ങൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ കർശന നിർദ്ദേശം യൂണിറ്റ് ആഫീസർമാർക്ക് നൽകിയിട്ടുണ്ട്.

മല്ലപ്പള്ളി കെ.എസ്.ആർ.ടി.സി.സബ് ഡിപ്പോയിൽ റദ്ദാക്കപ്പെടുന്ന സർവ്വീസുകൾ

159 (5379) ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്.ആർ.ടി.സി. മല്ലപ്പള്ളി സബ് ഡിപ്പോയിൽ നിലവിൽ എത്ര ഷെഡ്യൂളുകൾ സർവ്വീസ് നടത്തുന്നുണ്ട് ; ഇതിനായി എത്ര ബസ്സുകളുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബസ്സുകളുടെ കുറവു കാരണം സർവ്വീസുകൾ റദ്ദാക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കുവാൻ ആവശ്യമായ കൂടുതൽ ബസ്സുകൾ അനുവദിക്കുമോ ;

(സി) പ്രസ്തുത ഷെഡ്യൂളുകൾ ഓപ്പറേറ്റു ചെയ്യുവാൻ എത്ര ഡ്രൈവർമാർ ആവശ്യമുണ്ട് ; നിലവിൽ എത്ര പേരുണ്ട് ; അടിയന്തരമായി കുറവ് പരിഹരിക്കുമോ ?

ഉത്തരം

(എ) മല്ലപ്പള്ളി സബ് ഡിപ്പോയിൽ നിലവിൽ 32 ഷെഡ്യൂളുകളും അവ നടത്തുന്നതിന് 33 ബസ്സുകളുമുണ്ട്.

(ബി) ബസ്സുകളുടെ കുറവുമൂലം സർവ്വീസുകൾ റദ്ദാക്കപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആവശ്യമായ ബസ്സുകൾ അനുവദിക്കുവാനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്.

(സി) 30-4-2010-ലെ കണക്കുകൾ പ്രകാരം മല്ലപ്പള്ളി സബ് ഡിപ്പോയിൽ 74 സ്ഥിരം ഡ്രൈവർമാരും, 9 എംപാനൽ ഡ്രൈവർമാരും, റോളിലുണ്ടെങ്കിലും ആകെ 74 ജീവനക്കാരുടെ സേവനം മാത്രമാണ് ഫലപ്രദമായി ലഭ്യമാകുന്നത്. ഈ സബ് ഡിപ്പോയിലെ മുഴുവൻ സർവ്വീസുകളും ഓപ്പറേറ്റ് ചെയ്യുന്നതിന് 14 ഡ്രൈവർമാർ കൂടി ആവശ്യമുണ്ട്. പി.എസ്.സി. വഴിയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ ഡ്രൈവർമാരെ ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത കുറവ് പരിഹരിക്കുന്നതാണ്.

വടകര കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ

160 (5380) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകര കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററിൽ നിലവിൽ എത്ര ബസ്സുകൾ സജ്ജമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) വടകര സെന്ററിന് നിലവിൽ എത്ര പുതിയ ബസ്സുകൾ ഉണ്ടെന്നും എത്ര പഴയ ബസ്സുകൾ ഉണ്ടെന്നും വ്യക്തമാക്കുമോ ;

(സി) നിലവിൽ എത്ര ബസ്സുകൾ സർവ്വീസിന് അനുയോജ്യമല്ലാത്തവയായിട്ടുണ്ട് ; സ്പെയർ പാർട്ടുകൾ കൃത്യസമയത്ത് തന്നെ എത്താറുണ്ടോ എന്നും വ്യക്തമാക്കുമോ ;

(ഡി) നിലവിലുള്ള സർവ്വീസുകൾ നടത്തുവാൻ എത്ര പുതിയ ബസ്സുകൾ വേണമെന്നും ഏറ്റവും ലാഭകരമായത് ഏത് സർവ്വീസാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 16 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുവാൻ 18 ബസ്സുകൾ സജ്ജമാക്കിയിട്ടുണ്ട്.

(ബി) 9 വീതം പുതിയ ബസ്സുകളും, പഴയ ബസ്സുകളും വടകര ഓപ്പറേറ്റിംഗ് സെന്ററിന് അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly